- ട്രാൻസ്പോർട്ടേഷൻ
- മാലിന്യ സംസ്കരണവും നിർമ്മാർജ്ജനവും
- സാനിറ്ററി ലാന്റ് ഫില്ലിംഗ്

ഇപ്പോൾ പ്രധാനമായും മൂന്ന് സംസ്കരണ രീതികളാണ് അവലംബിച്ച് വരുന്നത് (1) മണ്ണിര കമ്പോസ്റ്റിംഗ് (2) വിൻഡ്രോ കമ്പോസ്റ്റിംഗ് (3) ബയോ ഗ്യാസ് ഉൽപ്പാദനം എന്നിവയാണിവ. നഗരങ്ങളിലെ ശാസ്ത്രീയ ഖരമാലിന്യ പരിപാലനം, ഗ്രാമപഞ്ചായത്തുകളിലെ ഖരമാലിന്യ പരിപാലനം, പ്രത്യേക മാലിന്യ സ്ത്രോതസ്സുകളിലെ പരിഹാരനടപടികൾ, അറവുശാല മാലിന്യ സംസ്കരണം, ഖരമാലിന്യ സംസ്കരണ സംവിധാനത്തിന്റെ പുനരുദ്ധാരണം മാലിന്യ നിക്ഷേപ കേന്ദ്രങ്ങളുടെ പ്രശ്നദൂരീകരണം, യു.ഐ.ഡി.എസ്.എസ്. എം.ടി. പദ്ധതി, അറവുശാല നിർമ്മാണം നവീകരണം, ദ്രവമാലിന്യ പരിപാല നവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് മാതൃകാ ദ്രവമാലിന്യപദ്ധതി, മാതൃകാ ദ്രവമാലിന്യ പരിപാടി മുതലായ ഖര-ദ്രവമാലിന്യ സംസ്കരണ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് മാലിന്യ മുക്ത കേരളം പരിപാടിയുടെ ഭാഗമായി 225 നഗരവൽകൃത ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുകയും പദ്ധതി സമർപ്പിച്ച 140 ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. 53 മുനിസിപ്പാലിറ്റികൾക്ക് സംയോജിത ഖരമാലിന്യ പരിപാലന പദ്ധതിക്കുള്ള അംഗീകാരവും ഭാഗിക സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്.

(ബി) മാലിന്യങ്ങൾ ഉണ്ടാകുന്ന സ്ഥലത്തുതന്നെ തരംതിരിച്ച് സംഭരിക്കാനും ജൈവമാലിന്യങ്ങൾ അവിടെത്തന്നെ സംസ്കരിക്കാനുമുള്ള പദ്ധതിക്കാണ് മാലിന്യമുക്ത കേരളം പരിപാടിയിലൂടെ ഊന്നൽനൽകിവരുന്നത്. ആയതുകൊണ്ട് മാലിന്യ ഉൽപ്പാദന കേന്ദ്രങ്ങളായ വീടുകൾ, കടകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ മാലിന്യത്തിന്റെ അളവ് കുറയ്ക്കാനും ഉറവിട സംസ്കരണം ഉറപ്പാക്കാനും ജൈവമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കാനുമായി ബയോഗ്യാസ് പ്ലാന്റുകൾ വെർമി കമ്പോസ്റ്റിംഗ്, റിംഗ് കമ്പോസ്റ്റിംഗ് പ്ലാന്റുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള പ്രോത്സാഹനം നൽകിവരുന്നു. ഗാർഹിക ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളായ ഗാർഹിക മണ്ണിര കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് (0.5 m3)എന്നിവയ്ക്ക് മൊത്തംതുകയുടെ 50% സബ്സിഡിനൽകി പ്രോത്സാഹിപ്പിച്ചുവരുന്നു. ഈ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാനായി സർക്കാർ അംഗീകൃത സേവന ദാതാക്കളുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നു. മാലിന്യ സംസ്കരണത്തിനുള്ള പദ്ധതി തയ്യാറാക്കാനായി ശുചിത്വമിഷന്റെ സാങ്കേതിക സഹായവും ലഭ്യമാക്കിവരുന്നു.

ഖര മാലിന്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

128 (1598) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ ജോലിചെയ്യുന്ന ഖരമാലിന്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവർക്ക് മാലിന്യങ്ങളിൽനിന്നും രോഗങ്ങൾ വരാതിരിക്കുന്നതിനായി എന്തെല്ലാം സംരക്ഷണങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇവർക്ക് രോഗം ബാധിച്ചാൽ എന്തെങ്കിലും ചികിത്സാസഹായങ്ങൾ വകുപ്പിൽ നിന്നും ലഭിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഖരമാലിന്യ സംസ്കരണത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനായി ഏപ്രൺ, ഗ്ലൗസ്, മാസ്ക്, യൂണിഫോം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മാലിന്യങ്ങൾ ശേഖരിക്കുന്ന വീടുകൾ, ഫ്ളാറ്റുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും കൂലിയായി ലഭിക്കുന്നതുക കുടുംബശ്രീ യൂണിറ്റ് അംഗങ്ങൾക്ക് തുല്യമായി വീതിച്ചുനൽകുന്നു.

(ബി) ഇവർക്ക് വർഷത്തിലൊരിക്കൽ രണ്ട് ഏപ്രൺ, മാസത്തിൽ രണ്ട് ഗ്ലൗസ്, മാസത്തിൽ ഒരു മാസ്ക്, വർഷത്തിൽ രണ്ട് യൂണിഫോം, ചെരുപ്പ് തുടങ്ങിയ വ്യക്തിഗത ശുചിത്വ ഉപാധികളും പ്രഥമ ശുശ്രൂഷാ കിറ്റുകളും അതോടൊപ്പം പ്രതിരോധ കുത്തിവെയ്പ്പും നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനു ചെലവാകുന്ന തുകയുടെ 50% ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 50% അതാത് കുടുംബശ്രീ യൂണിറ്റും വഹിക്കണമെന്ന് 25-8-2009-ലെ ജി.ഒ.(എംഎസ്.)166/09/തസ്വഭവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സർക്കാർ അംഗീകൃത ആശുപത്രികളിൽനടത്തുന്ന ചികിത്സാ ചെലവ് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് വ്യവസ്ഥപ്രകാരം ഇവർക്കും നൽകി വരുന്നുണ്ട്.

ഖര മാലിന്യത്തൊഴിലാളികൾക്ക് ക്ഷേമനിധി

129 (1599) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിൽ ജോലിചെയ്യുന്ന ഖരമാലിന്യത്തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ ;

(ബി) ഇവർക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) 25-8-2009-ലെ ജി.ഒ.(എംഎസ്.) നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച റിപ്പോർട്ടിലെ ഖരമാലിന്യ തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കണമെന്ന നിർദ്ദേശം സംബന്ധിച്ച് നഗരകാര്യ ഡയറക്ടറുടെ 5-5-2010-ലെ ഡിസി1/33636/09-ാം നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത നഗരസഭയും കുടുംബശ്രീ യൂണിറ്റും വഹിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly